**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1054** **25.01.2018-ൽ മറുപടിക്ക്**

## മിനിമം കൂലി ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം. സ്വരാജ് : | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ഹോട്ടലുകളിലും മറ്റ് വ്യാപാര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സർക്കാർ അംഗീകരിച്ചിട്ടുള്ള മിനിമം കൂലി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;<br><br>(ബി) ഇവരുടെ വേതനം ബാങ്ക് മുഖേന നൽകുന്നതിനും അത് കൃത്യമായി നൽകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുമോ;<br><br>(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | (എ) യും (ബി) യും (സി) യും | തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം, സ്ഥാപന പരിശോധനകൾ, സ്ക്വാഡ് പരിശോധനകൾ എന്നിവ നടത്തുമ്പോൾ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോയെന്നും മിനിമം വേതന നിയമപ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങൾ ലഭ്യമാകുന്നുവെന്നും ഉറപ്പ് വരുത്താറുണ്ട്. തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി വേതന സുരക്ഷാ പദ്ധതിയും നടപ്പിലാക്കിയുണ്ട്. ടി പദ്ധതി വഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഓൺലൈൻ ആയിതന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന തൊഴിൽ ഉടമകൾക്കെതിരെ സ്ഥാപന പരിശോധന കൂടാതെതന്നെ നിയമനടപടികൾ സ്വീകരിക്കുവാനും കഴിയും. കൂടാതെ എൻഫോഴ്സ്മെന്റ് വിഭാഗം ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ |

നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു. 2017-ൽ മിനിമം വേതന നിയമപ്രകാരം 13476 സ്ഥാപന പരിശോധനകൾ നടത്തുകയും 978 പ്രോസിക്യൂഷനും 558 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ നാളിതുവരെ 6584 സ്ഥാപനങ്ങളിൽ നിന്നും 157008 ജീവനക്കാർക്ക് 1445 കോടി രൂപയോളം വിതരണം നടത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ്ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർക്ക് യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിനും കഴിയുന്നു.

സെക്ഷൻ ഓഫീസർ.